(ബി) എങ്കിൽ എവിടെയാണെന്ന് വെളിപ്പെടുത്തുമോ ;

(സി) കെട്ടിടം പണി എന്നത്തേക്ക് തുടങ്ങുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ, ബി, സി) കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത് അണ്ടിക്കോട് ആയുർവ്വേദ ഡിസ്പെൻസറിയാണ്. പ്രസ്തുത ഡിസ്പെൻസറിക്ക് സ്ഥലവും കെട്ടിടവും ലഭ്യമാക്കേണ്ട ചുമതല തലക്കുളത്തൂർ പഞ്ചായത്തിനാണ്. ഇതിലേക്കാവശ്യമായ നടപടികൾ പഞ്ചായത്തിൽ നിന്നും ഇതുവരെ ആരംഭിച്ചിട്ടില്ല. പഞ്ചായത്തിന്റെ മേൽ ഡിപ്പാർട്ടുമെന്റിൽ നിന്നും സമ്മർദ്ദം ചെലുത്തുന്നുണ്ട്.

പാമ്പാടി പഞ്ചായത്തിൽ ഒരു ആയുർവേദ ആശുപത്രി

72. [90] ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാമ്പാടി പഞ്ചായത്തിൽ ഒരു ആയുർവേദാശുപത്രി അനുവദിക്കണമെന്നുള്ള പഞ്ചായത്തിന്റെ പ്രമേയം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പാമ്പാടിയിൽ ഒരു ആയുർവേദാശുപത്രി അനുവദിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ധന ലഭ്യതയ്ക്കു വിധേയമായി പാമ്പാടി പഞ്ചായത്തിൽ ഒരു ആയുർവേദ ഡിസ്പെൻസറി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

രാമമംഗലം പഞ്ചായത്തിൽ ഒരു-ആയുർവേദ ആശുപത്രി

73. [91] ശ്രീ. ബെന്നി ബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാമമംഗലം പഞ്ചായത്തിൽ ഒരു ആയുർവേദ ആശുപത്രി സ്ഥാപിക്കുവാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതു തുടങ്ങാനുള്ള കാലതാമസം ഒഴിവാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ധനലഭ്യതയ്ക്കു വിധേയമായി സ്ഥാപനം തുടങ്ങുന്നതാണ്.

അങ്ങാടി പഞ്ചായത്തിലെ ആയുർവേദ ഡിസ്പെൻസറി

74. [92] ശ്രീമതി റോച്ചൽ സണ്ണിപനവേലിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി നിയോജകമണ്ഡലത്തിൽ അങ്ങാടി പഞ്ചായത്തിലെ ആയുർവേദ ഡിസ്പെൻസറി ഒരു ആശുപത്രിയായി ഉയർത്തുന്നതിനുള്ള നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly